Adelaide Metropolitan Malayalee Association

# പ്രവാസി

Pravasi Magazine 2021



ROYAL
REAL ESTATE

# BUYING
# RENTING
# SELLING
# ALL YOUR REAL ESTATE NEEDS



**Roy Manjaly**
**Property Manager**
**Mob: 0432 111 687**
**roy@royalrealestatesa.com.au**



**Prabha Paul**
**Land Agent**
**Mob: 0402 331 803**
**prabha@royalrealestatesa.com.au**

**www.royalrealestatesa.com.au**



ആലംകോട് ലീലാകൃഷ്ണൻ

# Message

ഓസ്ട്രേലിയയിലെ അഡലെയ്ഡിലുള്ള മലയാളിക്കൂട്ടായ്മയായ 'അമ്മ' (AMMA) ഓൺലൈനിൽ ഒരു മാസിക പുറത്തിറങ്ങുന്നവെന്നറിയുന്നതിൽ വളരെ സന്തോഷിക്കുന്നു. Adelaide Metropolitan Malayalee Association എന്നത് അമ്മ (AMMA) എന്നാക്കിച്ചുരുക്കിയതിൽ തന്നെ വിശിഷ്ടമായ ഒരു മാനവസംസ്കാരമുണ്ട്.

അമ്മ മലയാളം സത്യം.

ഏതു ദേശങ്ങളിൽ ജീവിച്ചാലും 'അമ്മ'യോടുള്ള കടം അവസാനിക്കുകയില്ല. ഓസ്ട്രേലിയയിൽ ജീവിച്ചാലും നിങ്ങളുടെ അമ്മയുടെ ഭാഷ (മാതൃഭാഷ) യാണ് മലയാളം. മാതൃഭാഷ, മാതൃരാജ്യം എന്നിങ്ങനെയുള്ള വികാരങ്ങൾ എവിടെയും മനസ്സിൽ ഉണ്ടാവും. എവിടെ ജീവിച്ചാലും പെറ്റനാടിനെയും പൊക്കിൾക്കൊടി മറവുചെയ്ത മണ്ണിനെയും മറക്കാനാവില്ല.

മാനവസംസ്കാരത്തിന്റെ പ്രഥമവും പ്രധാനവുമായ 'അമ്മ'യെന്ന സുന്ദര വിശേഷണം 'AMMA'യെ വഴിനടത്തട്ടെ.

"അമ്മേ: ജനനീ: നമഃ"

'അമ്മ'യുടെ മാസികയ്ക്ക് സുന്ദര പൂർണ്ണമായ സ്നേഹാശംസകൾ,

സ്നേഹത്തോടെ,
സ്വന്തം

(ആലങ്കോട് ലീലാകൃഷ്ണൻ)

# Message

**A Message from the Premier of South Australia**
**The Honourable Steven Marshall MP**

**and the Honourable Jing Lee MLC**
**Assistant Minister to the Premier**

On behalf of the Government of South Australia, it gives us great pleasure to acknowledge and thank the Adelaide Metropolitan Malayalee Association (AMMA) for its ongoing contributions to the Indian community of South Australia.

Since its establishment in 1999, AMMA has been committed to promoting and maintaining Malayalee language and culture and has worked to preserve the identity, tradition and heritage of Kerala on the south-west coast of India.

We commend AMMA on its active engagement and collaboration with other Indian and non-Indian community organisations in South Australia. AMMA's dedication to sharing the culture, art and literature of Kerala with the wider community and building intercultural connections through sport and activities has helped enrich and strengthen the successful multicultural society in our State.

We also wish to thank AMMA once again for their generous contributions to those impacted by the devastating bushfires in 2020 and for their support in working with government agencies and SA Health to share important vital information with their community members throughout the COVID-19 pandemic.

Thank you to the hard-working committee members and dedicated volunteers for your wonderful contributions to our South Australian community over the last two decades and

we wish you all the best for your upcoming Onam Festival in August 2021.

The Honourable Steven Marshall, MP
**PREMIER OF SOUTH AUSTRALIA**

The Honourable Jing Lee MLC
**ASSISTANT MINISTER TO THE PREMIER**



Peter Malinauskas MP

# Message

Message from the South Australian Labor Leader
Peter Malinauskas MP

**Biannual Community Magazine – Pravasi**

On behalf of the South Australian Labor Party, we thank the Adelaide Metropolitan Malayalee Association and the Indian Malayalee community of South Australia for its contribution to our society.

The South Australian Labor Party believes that multiculturalism makes South Australia a more exciting place to live, and a vibrant place for our children to learn and grow.

Multicultural communities like the Indian Malayalee community have made a significant contribution to South Australia's social, economic and cultural life.

Associations like the Adelaide Metropolitan Malayalee Association have been an integral part in sharing and promoting culture in our community – as well as providing a foundation for international students and skilled migrants as they migrate into South Australia.

For everything the community has contributed, we say thank you.

Peter Malinauskas MP
South Australian Labor Leader



**Bobby Alex Koshy**

# Message

I am extremely delighted to have 'Pravasi' been published as an online magazine this time. We are confident that as an online magazine 'Pravasi' will have more readership and accessibility. I thank the Pravasi publication team who has invested their effort and time to make this happen.

The last two years had been tough with the pandemic hit the world so badly. We have been very fortunate to be in Australia, especially South Australia where the authorities have been very proactive in administering the pandemic. The AMMA Management Committee was able to extend some help to students and families who lost their jobs during the pandemic and this was all because of the help and contribution of our generous community members.

As our tenure completes, I thank the AMMA Management Committee for all their hard work for the last two years. We were able to conduct most events divergently. I thank the community members for your kind support. Special thanks to our volunteers for all the help and past presidents for their guidance and support.

On this occasion, I also remember Late. Mr. George Varghese (Sunnychayan) who initiated the idea of the first 'Pravasi' magazine. I also acknowledge each and everyone who has contributed their part to Pravasi over the years.

I also wish all the very best to the new AMMA Management Committee.

With love
**Bobby Alex Koshy**
President (2019 -2021)



കാർത്തിക താന്നിക്കൻ


# Editorial

അനിശ്ചിതത്വം നിഴലിക്കുന്ന കൊറോണയുടെ ഈ കാലഘട്ടത്തിൽ പ്രതീക്ഷയുടെ സന്ദേശവുമായി അമ്മ അസ്സോസിയേഷന്റെ "പ്രവാസി മാഗസിൻ"വായനക്കാർക്കായി സമർപ്പിക്കുന്നു. ലോകത്തെ സ്തംഭിപ്പിച്ച ഒരു മഹാമാരിയെ നമ്മൾ അതിജീവിച്ചുകൊണ്ടിരിക്കുമ്പോൾ ഒന്നും സ്ഥായിയല്ലെന്നും, ഈ കാലവും കടന്നു പോകുമെന്നുള്ള പ്രതീക്ഷയുടെ സന്ദേശം ഈ മാഗസിനിലൂടെ വായനക്കാർക്ക് നൽകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പ്രവാസമെന്നത് തന്നെ ഒരു കാത്തിരിപ്പാണു. നാടിനേയും, വീടിനേയും, പ്രിയപ്പെട്ടവരേയുമെല്ലാം ഒരിക്കൽകൂടി നെഞ്ചോട് ചേർത്തണക്കുവാനുള്ള കാത്തിരിപ്പ്. ഒരുപക്ഷേ ആ ചേർത്തണക്കൽ ഇപ്പോൾ ഒരു വിദൂര സ്വപ്നമായി നിലകൊള്ളുമ്പോൾ, ഈ മഹാമാരിയിൽ ജീവൻ പോലിഞ്ഞവരെ, പ്രിയപ്പെട്ടവരെ ഒരു നോക്ക് കാണുവാൻ കഴിയാതെ വേർപാടിന്റെ ഉമിത്തീയിൽ എരിഞ്ഞു ജീവിക്കുന്നവരെ ഞങ്ങൾ ഓർക്കുന്നു. ഇനിയും ജീവിച്ചു തീർക്കേണ്ട ജീവിതത്തെ മുന്നിൽ കണ്ട്, നാളെയുടെ പ്രതീക്ഷകൾക്കായി നമുക്ക് നോക്കി പാർക്കാം.

പ്രവാസി മാഗസിൻ അഡ്‌ലെയിഡ് മെട്രോപൊലിറ്റൻ മലയാളി അസ്സോസിയേഷന്റെ (AMMA) ഒൻപതാമത് പതിപ്പാണ്. അക്ഷരങ്ങളേയും, എഴുത്തിനേയുമൊക്കെ ഇഷ്ടപ്പെടുന്ന പ്രവാസികൾക്ക് അവരുടെ കലാസൃഷ്ടികളെ പ്രോത്സാഹിപ്പിക്കുവാനുള്ള അവസരം നൽകിയ അമ്മപ്രാവാസി കമ്മറ്റിക്കും, അമ്മ അസ്സോസിയേഷന്റെ പ്രസിഡന്റായ ബോബി അലെക്സ് കോശിയോടുമുള്ള നന്ദി ആദ്യമേ രേഖപ്പെടുത്തുന്നു. മാഗസിന്റെ കവർ ഫോട്ടോയുടെ ആശയമായി തിരഞ്ഞെടുത്തത് 'പ്രതീക്ഷ' എന്ന പ്രമേയമാണു. ആ ആശയത്തെ അടിസ്ഥാനമാക്കി ദിവ്യ ബിജോയ് എടുത്ത ഫോട്ടോ പ്രവാസി മാഗസിന്റെ കവർ പേജായി തിരഞ്ഞെടുത്തു.

ഒരുമിച്ച് കൈകോർത്ത് നിന്ന് പ്രവാസി മാഗസിനെന്ന യാഥാർത്ഥ്യത്തിനായി വളരെ ആത്മാർത്ഥമായി പ്രവൃത്തിച്ച എഡിറ്റോറിയൽ അംഗങ്ങളായ ദിവ്യ ബിജോയ്, അജുജോൺ, സജിമോൻ ജോസഫ്, ഹിജാസ് പുനത്തിൽ എന്നിവരേയും, പ്രവാസി മാഗസിൻ കമ്മറ്റിയിലെ അംഗങ്ങളായ കൃഷ്ണ ദാസ്, രാം കുമാർ, ശ്രീജി ശ്രീലക്ഷ്മി എന്നിവരോടുമുള്ള നന്ദിയും ഞാനിവിടെ കുറിക്കുന്നു.

സർവ്വോപരി ഈ മഗസ്സിന്റെ ആത്മാവെന്ന് പറയാവുന്ന ഓരോ രചനകളേയും വായനക്കാർക്ക് സമർപ്പിച്ച ഓരോ എഴുത്തുകാരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും ഞാൻ അറിയിക്കുന്നു. സ്വപ്ന സാക്ഷാത്കാരത്തിന്റെ അവസാന കൈയ്യൊപ്പായി വർത്തിച്ച ചേതന പബ്ലീഷിങ്ങിനേയും, മീഡിയ പാർട്ട്ണറായ മെട്രോ മലയാളത്തിനേയും, ഇതിൽ പരസ്യങ്ങൾ നൽകി സഹകരിച്ച നല്ല മനസ്സുകളേയും നന്ദിയോടെ ഓർക്കുന്നു. 'പ്രവാസി മാഗസിൻ' ഒരു നല്ല വായനാനുഭവം നിങ്ങൾക്കെല്ലാം സമ്മാനിക്കട്ടെയെന്ന ആശംസയോടെ, ഈ സ്വപ്നം സാക്ഷാത്കരിക്കുവാൻ പ്രാപ്തമാക്കിയ സർവ്വേശ്വരനു നന്ദിയർപ്പിച്ചുകൊണ്ട്!



സ്നേഹപൂർവ്വം,
കാർത്തിക താന്നിക്കൻ

## Editorial Board

Karthika Thannickan
Divya Bejoy
Sajimon Joseph
Aju John
Hijaz Punathil





Cover Photo: Divya Bejoy
Theme: HOPE


Adelaide & Metropolitan Malayalee Association
Email: amma@adelaidemalayalee.org
Website: www.adelaidemalayalee.org

Design & Layout:
Chetana Media

Media Partner:
metro മലയാളം AUSTRALIA


# CONTENTS


12 സ്ത്രീശാക്തീകരണം
ഒരു അവലോകനം (കാഴ്ചപ്പാട്)
ശുഭ ഉതുപ്പ്

15 അഡ്ലെയിഡിന്റെ 'ശരി'
(അഭിമുഖം)
ഹിജാസ് പുനത്തിൽ
കൃഷ്ണദാസ്

19 പാപത്തിന്റെ പട്ടിക (നർമ്മ കഥ)
അനീഷ് ചാക്കോ

22 Farhan Shah:
The Legend of Sufi Music (Interview)
Divya Bejoy & Karthika Thannickan

26 തിരിച്ചുവരവ് (കവിത)
സുമി അനിരുദ്ധൻ

27 അഡ്ലെയിഡിലെ നർത്തകികൾ
(അഭിമുഖം)
ഊർമിള കൃഷ്ണദാസ്

30 Harrowing Experience of
Work Place Bullying (Perspective)
Deena Saju & Divya Bejoy

34 ആഘോഷങ്ങൾ (ചെറുകഥ)
രാം കുമാർ

36 സാമൂഹ്യ സേവനത്തിന്റെ
സമസ്ത മേഖലകളിൽ (അഭിമുഖം)
സജിമോൻ ജോസഫ് വരകുകാലയിൽ
കാർത്തിക താന്നിയ്ക്കൻ

40 Covid Experience (Pandemic Diary)
Captain P. K. Rajagopalan
Divya Bejoy
A Sydney Hotelier

# CONTENTS


45 The Magical Tree (Short Fiction)
Gadin Nair

47 Hani Musthafa - A Man Who's Driven by Passion (Interview)
Maanas Divya Bejoy, Udhav Varma

53 Lighted to Lighten (Poem)
Rhea Ann John

54 Hope: A Child's Point of View (Art)
Rhythm Rajiv

55 Aadi's experience in Australian open as a "Ballkid"
Aadithya Pai


58 എഴുത്തിന്റെ ലോകം (അഭിമുഖം)
ദിവ്യ ബിജോയ്

62 Because of You (Poem)
Elizabeth Rajesh


12


22


27



40


36


47



58

# CONTENTS


63 സാത്വികം (കവിത)
അനീഷ് നായർ

64 ഹാങ്ങോവർ (ആരോഗ്യം)
ഡോ. അംബരീഷ് മോഹൻ

66 Daniel Connell
Life Art & Politics (Interview)
Aju John &
Sajimon Joseph Varvukalayil

72 ഓസ്ട്രേലിയയുടെ ഹൃദയവും ആത്മാവും തേടിയൊരു ക്യാംപർവാൻ യാത്ര! (ട്രാവൽ)
ഷിനോയ് ചന്ദ്രൻ

76 ചില സൗത്ത് ഓസ്ട്രേലിയൻ ഭൂവിസ്മയങ്ങൾ (ട്രാവൽ)
രഞ്ജിത്ത് നൈനാൻ മാത്യു

80 Getting PR to Australia (Migration)
Renjana Kuriakose

83 ബ്യൂട്ടി ടിപ്സ് (ബ്യൂട്ടി)
ഷാജിന സലിൽരാജ്

90 ഗ്രേറ്റ് ഇന്ത്യൻ കിച്ചനും പാറപ്പുറത്തു വീണ വിത്തുകളും (വെള്ളിത്തിര)
ദിലീപ് ജോസ്

94 Achievement of AMMA 2019-2021



66


72


76


90

## EXECUTIVE COMMITTEE OF AMMA



Bobby Alex Koshy (President) | Govind Narayan (Vice President) | Deepu Joseph (Secretary) | Aju John (Treasurer)
Committee Members: Sajeev Nair | Alwin Thomas | Akash John | Celestine Cherupallil | Jerin Benny | Sreeji Sreelakshmi

## AMMA PRAVASI MAGAZINE COMMITTEE



Bobby Alex Koshy



Divya Bejoy



Aju John



Sajimon Joseph



Krishna Das T N



Hijaz Punathil



Ram Kumar



Sreeji Sreelakshmi



Karthika Thannickan

# സ്ത്രീശാക്തീകരണം

## ഒരു അവലോകനം

മാർച്ച് 8
അന്താരാഷ്ട്ര വനിതാ ദിനം



ശുഭ ഉതുപ്പ്

"കോവിഡി"ന്റെ പശ്ചാത്തലത്തിൽ "നേതൃനിരയിലെ സ്ത്രീകൾ," എന്ന വിഷയത്തെപ്പറ്റിയാണ് അന്താരാഷ്ട്ര വനിതാ ദിനം 2021 ചർച്ച ചെയ്തത്. 2020, സ്ത്രീകളുടെ ഉൾകാഴ്ചയെ, നേതൃപാടവത്തെ, സേവനമനോഭാവത്തെ, ചിട്ടയായുള്ള കഠിനാദ്ധ്വാനത്തെ ലോകത്തിനു കാണിച്ചു കൊടുക്കുകയും, അതു വഴി എങ്ങനെ ഒരു മഹാവ്യാധിയെ നേരിടാമെന്ന് ലോകജനത മനസ്സിലാക്കുകയും ചെയ്തു. എന്നാൽ ഇപ്പോഴും എന്തു കൊണ്ടായിരിക്കാം, നമുക്ക് സ്ത്രീശാക്തീകരണം എന്ന വിഷയത്തെക്കുറിച്ചു സംസാരിക്കേണ്ടി വരുന്നത്? ലോക ജനതയുടെ പകുതിയോളം (49.6%) വരുന്ന സ്ത്രീകളുടെ പല സുപ്രധാന മേഖലകളിലുമുള്ള പങ്കാളിത്തമില്ലായ്മ തന്നെയാണ് വലിയ ഒരു കാരണമെന്ന് പറയേണ്ടി വരും.

സ്ത്രീ ശാക്തീകരണം എന്നാൽ, സ്ത്രീകളെയും അവരുടെ കഴിവുകളെയും അംഗീകരിക്കുകയും അവരെ എല്ലാ സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിൽ തുല്യ പങ്കാളികൾ ആക്കുകയും ചെയ്യുക എന്നതാണ്. ഈ വിഷയം ചർച്ച ചെയ്യുമ്പോൾ, മലയാളി സമൂഹത്തിൽ ഒരു വിഭാഗം ഉന്നയിക്കുന്ന ഒരു വിമർശനമാണ്, സ്ത്രീകൾ ശക്തമായ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ പതറിപ്പോകുന്നവരാണെന്നും, തന്മൂലം നേതൃനിരയിൽ കൂടുതൽ അഭികാമ്യം പുരുഷന്മാരാണെന്നതും. എന്നാൽ 2020ൽ ലോകത്തെ നടുക്കിയ മഹാവ്യാധിയായ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലോകം മുഴുവൻ സ്തംഭിച്ചു നിന്ന സാഹചര്യത്തിൽ ഏറ്റവും ആർജ്ജവത്തോടെ പ്രവർത്തിക്കുകയും അനുയോജ്യമായ തീരുമാനങ്ങളെടുത്ത് തങ്ങളുടെ മാതൃരാജ്യത്തെ സുരക്ഷിതമായി കാക്കുകയും ചെയ്ത ശക്തമായ നേതൃനിരയാണ് ന്യൂസിലാൻഡ്, ഫിൻലാൻഡ്, തായ്‌വാൻ, ഡെന്മാർക്, ഐസ്‌ലാൻഡ്, നോർവേ തുടങ്ങിയ രാജ്യങ്ങൾക്ക് ഉള്ളത്. ഈ രാജ്യങ്ങളിലെല്ലാം തന്നെ, സമാനമായ ഒരു വസ്തുത, അവരുടെ നേതൃത്വത്തിൽ വനിതകളായിരുന്നു എന്നതാണ്. ലോകരാജ്യങ്ങളുടെ നേതൃനിരയിലുള്ള 10 ശതമാനത്തിൽ താഴെ മാത്രം




> "പൊതുതലങ്ങളിലും വ്യക്തിതലങ്ങളിലും മാനവൻ ഇത്രയേറെ വളർന്നതിനു ശേഷവും സമൂഹത്തിന്റെ നല്ലപാതിയായ സ്ത്രീക്ക് അർഹതപ്പെട്ട ഇടവും കരുത്തും നേടിയെടുക്കണമെങ്കിൽ ഇനിയും പൊരുതി നിൽക്കണമെന്ന അവസ്ഥ നിലനിൽക്കുതെന്തേ? അന്വേഷണം."

വരുന്ന വനിതകളാണ് ഇത്ര അഭിനന്ദനാർഹമായ നേട്ടം കൈവരിച്ചത്. 2018 -ൽ പ്രളയം വലച്ച കേരളത്തെ കൈ പിടിച്ചു മുന്നോട്ടു നയിച്ചതിൽ കെ. വാസുകി, ടി. വി. അനുപമ തുടങ്ങിയ ഐ എ എസ് ഉദ്യോഗസ്ഥർ,

നിപ്പയുടെ സാഹചര്യത്തിൽ മുൻ ആരോഗ്യ മന്ത്രി കെ. കെ. ഷൈലജ ടീച്ചർ എന്നിവരുടെയൊക്കെ നേതൃപാടവം നമ്മൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ നിന്നു തന്നെ സ്ത്രീകൾ ഇങ്ങനെയുള്ള സ്ഥാനങ്ങൾക്കു യോഗ്യരാണെന്നും സമൂഹത്തിന്റെയുംകുടുംബത്തിന്റെയും പ്രോത്സാഹനത്തിലൂടെ അവർക്കു ദേശീയവും അന്തർദേശീയവുമായ തീരുമാനങ്ങളിൽ പങ്കാളികളാകാൻ സാധിക്കുമെന്നും വ്യക്തമാണ്.

സാമൂഹികവും വിദ്യാഭ്യാസപരവുമായ നേതൃത്വത്തിന്റെ ഓരോ തലത്തിലേക്കും സ്ത്രീകളുടെ കഴിവുകൾ വ്യാപിക്കേണ്ടതുണ്ട് വിദ്യാഭ്യാസപരമായി സ്ത്രീകൾ വളരെ മുന്നേറിക്കഴിഞ്ഞിരിക്കുന്നു, എങ്കിലും കൂടുതൽ വനിതകളും 'സർവീസ് സെക്ടർ' എന്ന മേഖലയിൽ തന്നെ നിലനില്ക്കുന്നത്, മറ്റു മേഖലകളിൽ സ്ത്രീ പ്രാതിനിധ്യം കുറയുവാനുള്ള കാരണമായിട്ടുണ്ട്. എല്ലാ മേഖലകളിലും വനിതകളുടെ സാന്നിധ്യം ഉറപ്പാക്കുന്നത് ലിംഗവിവേചനം തുടച്ചു മാറ്റുവാൻ വളരെയധികം സഹായിക്കുമെന്നുള്ളതിൽ യാതൊരു സംശയവും വേണ്ട. പുരുഷന്റെ വൈകാരികവും ബൗദ്ധികവുമായ ചിന്തകളെ അറിയുവാനും, അവയെ വേണ്ടവിധം ഉപയോഗിക്കുവാനും ലോകത്തിനു കഴിഞ്ഞിട്ടുണ്ട്; എന്നാൽ സ്ത്രീയുടെ ബുദ്ധിയും, പ്രായോഗികതയും, അവളുടെ ഇച്ഛാശക്തിയും അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. വ്യാവസായിക സംരംഭങ്ങൾ, സാഹിത്യം, ശാസ്ത്രം, മറ്റു കലാകായിക രംഗങ്ങൾ എന്നിവയിലേക്കു വരുവാൻ അഭിരുചിയുള്ള പെൺകുട്ടികളെ പ്രോത്സാഹിപ്പിക്കുകയും അവയിൽ തുടരുവാൻ വേണ്ട സാഹചര്യം ഒരുക്കികൊടുക്കുകയും ചെയ്യേണ്ടത് ഒരു സമൂഹം എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തം കൂടിയാണ്.

സ്ത്രീകളെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനെപ്പറ്റി സംസാരിക്കുമ്പോൾ, സ്ത്രീകൾ മുന്നോട്ടു വരുന്നതിനു യാതൊരു വിധത്തിലുള്ള തടസങ്ങളും ആധുനിക സമൂഹത്തിലില്ലെന്നും, ലിംഗ വിവേചനമെന്നത് ഒരു മിഥ്യാധാരണ ആണെന്നും നവമാധ്യമങ്ങളിൽ ഉയർന്നു കേൾക്കാറുണ്ട്. എന്നാൽ 2021-ൽ UN സെക്രട്ടറി ജനറൽ പുറത്തു വിട്ട ഔദ്യോഗിക റിപ്പോർട്ട്പ്രകാരം, പാർലമെന്റുകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം 24.9% മാത്രമാണ്. 22 രാജ്യങ്ങളിൽ മാത്രമാണു സ്ത്രീ നേതൃത്വം ഉള്ളത്. ഈ നിരക്കിൽ പോകുകയാണെങ്കിൽ, ലിംഗ സമത്വം കൈവരിക്കുവാൻ 130 വർഷങ്ങൾ വേണ്ടി വരുമെന്ന് കരുതപ്പെടുന്നു. 87 രാജ്യങ്ങളിൽ, കോവിഡ്19-നെതിരെ പൊരുതിയ ആരോഗ്യപ്രവർത്തകർ, ശാസ്ത്രജ്ഞർ, മറ്റു പ്രവർത്തകർ എന്നിവരിൽ നടത്തപ്പെട്ട സർവ്വേയിൽ, വനിതകൾക്ക് അവരുടെ പുരുഷ സഹപ്രവർത്തകരേക്കാൾ, 11 ശതമാനം കുറവു വേതനം നല്കപ്പെട്ടു എന്ന് കണ്ടെത്തി. സ്ത്രീകളും, യുവതികളും പങ്കെടുക്കുന്ന പല സാമൂഹിക പ്രവർത്തനങ്ങളും, ഉദാഹരണതിന് കാലാവസ്ഥാ വ്യതിയാനത്തിന് എതിരെ ഗ്രെറ്റ തുൺബെർഗ്, സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു വേണ്ടി മലാല യൂസഫ്‌സായ്, എന്നിവരെപ്പോലുള്ളവർ ശക്തമായി പരിശ്രമിക്കുകയും, ആ വിഷയങ്ങളൊക്കെയും ലോക ശ്രദ്ധ നേടുകയും ചെയ്തു. എന്നാൽ ഇന്നും 30 വയസ്സിനു താഴെയുള്ള വനിതാ പാർലമെന്റ് അംഗങ്ങൾ 1% മാത്രമാണ്. ലിംഗപരമായ തുല്യത ഉറപ്പു വരുത്താതെ, സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ, സ്ഥിരം സങ്കല്പങ്ങൾ എന്നിവയിൽ നിന്ന് വിടുതൽ സാധ്യമാവുകയില്ല എന്നുള്ളത് ഒരു പരമമായ സത്യമാണ്.




സ്ത്രീകൾക്കു തുല്യത എന്നത് എവിടെ തുടങ്ങണം എന്നതിന്, കുടുംബത്തിൽ എന്നാണ് ഒരു ഉത്തരം. പെൺകുട്ടികൾ ജനിക്കുന്നതു മുതൽ ഒരു ബാധ്യതയായി കാണുന്നുവെന്നു മാത്രമല്ല, വിവാഹമാണ് ജീവിതത്തിലെ ഏറ്റവും മഹനീയ സംഭവമെന്ന് അവളെക്കൊണ്ട് വിശ്വസിപ്പിക്കുക വരെ കേരളീയ സമൂഹത്തിലെ ഒരു വലിയവിഭാഗം ഇന്നും ചെയ്യുന്നു.. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുവാൻ മിക്കവാറും മാതാപിതാക്കൾ ശ്രമിക്കാറുണ്ടെങ്കിലും അവർക്കു അഭിരുചിയുള്ള മേഖലയിലേക്ക് പോകുവാനും അവിടെ തുടരുവാനുമുള്ള പിന്തുണയും പ്രോത്സാഹനവും അത്യാവശ്യമാണെന്നുചിന്തിക്കുന്നില്ല.വിവാഹമെന്നത് ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അവർ എടുക്കേണ്ട തെരഞ്ഞെടുപ്പ് മാത്രമാണെന്നും, എന്നാൽ വിദ്യാഭ്യാസമെന്നത് നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമാണെന്നും നമ്മുടെ കുടുംബങ്ങൾ മനസിലാക്കേണ്ടതുണ്ട്. ചെറുപ്പത്തിൽ തന്നെ പെൺകുട്ടികളോടും, ആൺകുട്ടികളോടും ഒരേ പോലെയുള്ള സമീപനരീതികൾ മാതാപിതാക്കൾ പുലർത്തുവാൻ ശ്രദ്ധിക്കണം. പ്രായത്തിനനുസരിച്ചുള്ള ഉത്തരവാദിത്തങ്ങളെടുക്കുവാനും കുടുംബത്തിലെടുക്കുന്ന തീരുമാങ്ങളിൽ പങ്കാളികൾ ആക്കുവാനും പ്രേരിപ്പിക്കാം. കുട്ടികളുടെ അച്ചടക്കത്തിനു വേണ്ടി മാതാപിതാക്കൾ മുന്നോട്ടുവയ്ക്കുന്ന ചിട്ടകളും, ശീലങ്ങളും ലിംഗ വിവേചനമില്ലാതെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുമുണ്ട്.

നിയമമനുസരിച്ച് ആൺകുട്ടിയോടൊപ്പം തന്നെ പെൺകുട്ടികൾക്ക് കൊടുക്കേണ്ട എല്ലാ അവകാശങ്ങളും കൊടുക്കുവാനും ജീവിതത്തിൽ "Survival skills-' അഥവാ 'അതിജീവനത്തിനുവേണ്ട

കഴിവുകൾ' പഠിപ്പിക്കുവാനും ഓരോ രക്ഷകർത്താവും ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബത്തിൽ തുല്യതയുടെ ബോധ്യത്തിൽ വളർത്തപ്പെടുന്ന ഒരു ആൺകുട്ടി വരും കാലത്ത് താൻ ഇടപെടുന്ന മേഖലകളിലെല്ലാം സ്ത്രീകളേയും മറ്റു വ്യക്തികളെയും ബഹുമാനിക്കുന്നവരും ഉത്തരവാദിത്തബോധം പ്രകടിപ്പിക്കുന്നവരുമായ പൗരൻമാരായിരിക്കും. പുരുഷ നിയന്ത്രിതമായ "Patriarchal" വ്യവസ്ഥിതിയിൽ പറയപ്പെടുന്ന 'കുടുംബത്തെ നയിക്കുന്നവൻ' എന്നുള്ള സങ്കൽപത്തിൽ നിന്നു കൂടുതൽ ജനാധിപത്യപരമായി 'കുടുംബത്തെ ഒരുമിച്ചു കൂട്ടായി നയിക്കുന്നവർ' എന്നുള്ള മാതൃകയിലേക്കു നമ്മുടെ സമൂഹം മാറേണ്ടതുണ്ട്.

ഇതിനെല്ലാമുപരി വ്യക്തി എന്ന നിലയിൽ സ്വയം വിലയിരുത്തുവാനും സ്വന്തം താല്പര്യങ്ങളും അഭിരുചികളും കണ്ടെത്തുവാനും ഓരോ സ്ത്രീയും ശ്രമിക്കേണ്ടതുണ്ട്. പലപ്പോഴും കുടുംബവും, ജോലിയുമെന്ന ചെറിയ വൃത്തത്തിൽ ഒതുങ്ങി ജീവിക്കുവാൻ ഒരു പാട് കേരളീയ സ്ത്രീകൾ ശ്രമിക്കുന്നത് കാണാറുണ്ട്. കുടുംബത്തിനും, ജോലിക്കും, മറ്റുള്ളവർക്കും കൊടുക്കുന്ന, അത്ര തന്നെ പ്രാധാന്യവും ബഹുമാനവും സ്വയം നൽകുവാനും ഓരോ വനിതയും സമയം കണ്ടെത്തേണ്ടതുണ്ട്. താല്പര്യമുള്ള വിനോദങ്ങൾ, കലാ പ്രവർത്തനങ്ങൾ, വ്യായാമം, യാത്രകൾ, കൂട്ടുകാരോടൊത്തുള്ള വിലപ്പെട്ട സമയങ്ങൾ, ഇവയൊക്കെ ഒരു വ്യക്തി എന്ന നിലയിൽ ആത്മവിശ്വാസവും, സന്തോഷവും പ്രദാനം ചെയ്യുവാൻ ഓരോരുത്തരെയും സഹായിക്കും. ലിംഗവിവേചനം നിലനില്ക്കുന്ന സമൂഹം പുരുഷന്റെ മാത്രം സൃഷ്ടിയല്ല. അതു പുരുഷനും സ്ത്രീയുമടങ്ങുന്ന സാമൂഹികമായ ഒരു ചട്ടക്കൂടിന്റെ നിർമ്മിതി മാത്രമാണ്. തന്മൂലം തനിക്കിഷ്ടമില്ലാത്തത് തത്സമയം തിരസ്കരിക്കുവാനും വിവേകപൂർണമായ തെരഞ്ഞെടുപ്പുകൾ നടത്തുവാനും ഓരോ പെൺകുട്ടിയും സ്ത്രീയും ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ സ്ത്രീകളും, സ്വയം ശക്തരാണെന്ന് തിരിച്ചറിയുകയും പ്രതിസന്ധികളെ അതിജീവിച്ചു മുന്നോട്ടു വരുവാൻ പരിശ്രമിക്കുകയും ചെയ്താൽ തുല്യത എന്ന സ്വപ്നത്തിന്റെ സാക്ഷാത്കാരം ഒട്ടും വിദൂരമല്ല.





“ വ്യക്തി എന്ന നിലയിൽ സ്വയം വിലയിരുത്തുവാനും സ്വന്തം താല്പര്യങ്ങളും അഭിരുചികളും കണ്ടെത്തുവാനും ഓരോ സ്ത്രീയും ശ്രമിക്കേണ്ടതുണ്ട്. പലപ്പോഴും കുടുംബവും, ജോലിയുമെന്ന ചെറിയ വൃത്തത്തിൽ ഒതുങ്ങി ജീവിക്കുവാൻ ഒരു പാട് കേരളീയ സ്ത്രീകൾ ശ്രമിക്കുന്നത് കാണാറുണ്ട്. ”

ഓരോ പെൺകുഞ്ഞിന്റെയും ജനനം സന്തോഷത്തോടെ സ്വീകരിക്കുന്ന സമൂഹമായി നമുക്ക് വളരാം. തുല്യമായ അവസരങ്ങളുള്ള, അവകാശങ്ങളുള്ള ഒരു നല്ല ലോകം നമ്മുടെ പെൺകുട്ടികൾക്കായി നമുക്ക് ഒരുക്കുകയും ചെയ്യാം. മനുഷ്യ കുലത്തിലെ എല്ലാ വിഭാഗത്തെയും അംഗീകരിച്ചു കൊണ്ടുള്ള പുരോഗതി മാത്രമേ സംപൂർണമായ വികസനം ആകുന്നുള്ളൂ. ഏതു തരത്തിലുള്ള വിവേചനവും പുരോഗതിക്കു വിലങ്ങുതടിയാണ്. വിവേചനങ്ങളില്ലാത്ത ഒരു ഭാവിയിലേക്കാകട്ടെ നമ്മുടെ ഇനിയുള്ള ചുവടുകൾ...



കൃഷ്ണദാസും അനീഷ് നായരും

# അഡ്ലെയിഡിന്റെ "ശരി"

## അഡ്ലെയിഡിൽ പൂർണ്ണമായും ചിത്രീകരിച്ച 'ശരി' എന്ന സിനിമയുടെ വിശേഷവുമായി അനീഷ് നായർ



ഹിജാസ് പുനത്തിൽ



കൃഷ്ണദാസ്

അഡ്ലെയിഡിലെ പ്രവാസി സമൂഹത്തിൽ നിന്നും ഇരുപതോളം പുതുമുഖ അഭിനേതാക്കളെ ഉൾപ്പെടുത്തി പുറത്തിറക്കിയ നാൽപത്തഞ്ച് മിനിറ്റ് ദൈർഘ്യമുള്ള 'ശരി' എന്ന ഹോം സിനിമ ഈയിടെയായി യുട്യൂബിൽ ഏറെ ശ്രദ്ധ പിടിച്ചു പറ്റിക്കൊണ്ടിരിക്കുകയാണ്. അഡ്ലെയിഡിലെ മലയാളികൾക്ക് സുപരിചതനായ, കാലാസാഹിത്യ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന അനീഷ് നായരാണ് ഈ സിനിമയുടെ പ്രധാനശിൽപ്പി. 2021–ൽ റിലീസ് ചെയ്ത 'ശരി' എന്ന സിനിമയുടെ വിശേഷങ്ങൾ പ്രവാസി മാഗസിൻ വായനക്കാർക്കായി പങ്കു വെക്കുകയാണ് അനീഷ് നായർ

***ഒരുപാട് പ്രശംസിക്കപ്പെട്ട 'ശരി' എന്ന സിനിമയുടെ സംവിധായകന് പ്രവാസി മാഗസിന്റെ വക അഭിനന്ദനങ്ങൾ. അഡ്ലെയിഡിലെ മലയാളികളെ വച്ച് അഡ്ലെയിഡിൽ തന്നെ പൂർണ്ണമായി ചിത്രീകരിക്കപ്പെട്ട താങ്കളുടെ ആദ്യത്തെ സംരഭമാണ് 'ശരി' എന്ന സിനിമ. ഈ സിനിയുടെ തുടക്കം ശരിക്കും എവിടെ നിന്നാണ്?***

ഇവിടുത്തെ മലയാളികളെ ഉൾപ്പെടുത്തി പൂർണ്ണമായി ഇവിടെത്തന്നെ ചിത്രീകരിച്ച എന്റെ ആദ്യ സംരംഭം 2015 ജൂൺ 26–ന് യുട്യൂബിൽ റിലീസ് ചെയ്ത 'അറിവ്' എന്ന ഷോർട്ട് ഫിലിമായിരുന്നു, അഡ്ലെയിഡിൽ നിന്നു പുറത്തുവന്ന ആദ്യത്തെ മലയാളം ഷോർട്ട് ഫിലിം. ഇനി 'ശരി' എന്ന ഹോം സിനിമയിലേക്കു വരാം. 2020–ൽ തുടങ്ങി ഇപ്പോഴും തുടരുന്ന കോവിഡ് മഹാമാരിയുടെ ആഘാതം പല രീതിയിലാണ് നമ്മളെ ഓരോരുത്തരേയും ബാധിച്ചത്. കൊറോണക്കാലം ഈ സിനിമയുടെ ഭാഗമായി മാറിയിട്ടുണ്ട്. ഇതിലെ പ്രധാന കഥാപാത്രമായ സന്തോഷുമായിട്ടുള്ള ഒരു സൗഹൃദ സംഭാഷണത്തിനിടെ തന്റെ ഒരു സുഹൃത്തിനുണ്ടായ കോവിഡ് അനുഭവം സന്തോഷ് പങ്കുവയ്ക്കുകയുണ്ടായി. ആ സംഭവത്തിൽ നിന്നും ഉരുതിരിഞ്ഞ് വന്നതാണ് ഈ സിനിമയുടെ കഥാതന്തു. വിവിധ സാഹചര്യങ്ങളിൽപ്പെട്ട് അറിയാതെ തന്നെ നമ്മുടെ അവസ്ഥയ്ക്ക് പെട്ടെന്ന് മാറ്റങ്ങൾ ഉണ്ടാകുമ്പോൾ എങ്ങനെയാണ് മറ്റുള്ളവരുടെ സ്നേഹം നമ്മൾ തിരിച്ചറിയുന്നതെന്നും നമ്മളോടുള്ള മറ്റുള്ളവരുടെ സമീപനം എങ്ങനെയാണ് മാറുന്നത് എന്നതിനെക്കുറിച്ചുമാണ് 'ശരി' എന്ന സിനിമ പറയാൻ ശ്രമിക്കുന്നത്. അന്ന് സന്തോഷിനോടൊപ്പമിരുന്ന് എഴുതിത്തീർത്ത ഇതിന്റെ വൺലൈൻ, ഈ സിനിമയുടെ എല്ലാ ഘട്ടത്തിലും ഒപ്പം നിന്ന അജുവിനോട് സംസാരിക്കുകയും ഞങ്ങൾ ഒരുമിച്ച് ഇതിന്റെ തിരക്കഥ ഫോണിൽ സംസാരിച്ചുകൊണ്ട് എഴുതി പൂർത്തിയാക്കുകയും ചെയ്തു.

***2020ന്റെ മധ്യത്തിൽ കൊറോണയുമായി ബന്ധപ്പെട്ട് ഒരുപാട് ഷോർട്ട് ഫിലിമുകൾ ഇറങ്ങിയിട്ടുണ്ടെങ്കിലും 'ശരി' എന്ന ഷോർട്ട് ഫിലിം കുടുംബ ബന്ധങ്ങളിൽ കോവിഡ് മൂലമുണ്ടായ ചില മാറ്റങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. എന്താണ് അങ്ങനെ തോന്നാൻ കാരണം?.***

ശരിയാണ്... അടുത്തിടെ ഇറങ്ങിയ മിക്ക ഷോർട്ട് ഫിലിമുകളും കോവിഡ് നമുക്ക് ഉണ്ടാക്കിയ പ്രതിസന്ധികളെയാണ് പ്രമേയമാക്കിയത്. എന്നാൽ കൊറോണ കാലം ഒരുപാട് പോസിറ്റിവായ മാറ്റങ്ങളും നമ്മളിൽ പലരിലും വരുത്തിയിട്ടുണ്ട്. വീടിന്റെ അകത്ത് കുറച്ചുകാലം അടച്ചിരിക്കേണ്ടി വന്നതുകൊണ്ടാണ് ചിലർക്ക് വീടിനകത്ത് നടക്കുന്ന കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും അടുക്കുവാനുമുള്ള സാഹചര്യം ഉണ്ടായത് അധികമാരും കാണാതെ പോയ പോസിറ്റീവായ ഒരു മാറ്റമാണിത്. ഈ മാറ്റം നമ്മൾ തിരിച്ചറിയേണ്ടതുണ്ടെന്ന് തോന്നിയതുകൊണ്ടു കൂടിയാണ് സിനിമ അതു പ്രതിപാദിക്കുന്നത്.

***ലോക്ഡൗണിന്റെ സമയത്താണ് ഈ സിനിമയുടെ ചിത്രീകരണം തുടങ്ങിയത്. അതിന്റെ അനുഭവം എങ്ങനെയായിരുന്നു?***

ഷൂട്ടിങ് പലപ്പോഴും ഒരു വെല്ലുവിളിയായി മാറിയിരുന്നു. ഒരു വീട്ടിലോ സ്ഥാപനത്തിലോ പരമാവധി ആളുകൾക്ക് ഒരുമിച്ച് നിൽക്കുവാൻ പരിമിതികളുള്ള സമയമായതുകൊണ്ട് അസോസിയേറ്റ് ഡയറക്ടറായ അജുവിനുപോലും ഒപ്പം നിൽക്കുവാൻ പറ്റാത്ത സാഹചര്യം. സംവിധാനത്തിനു പുറമേ ലൈറ്റിംഗ്, ക്യാമറ, അതിന്റെ തുടർച്ച നോക്കുക തുടങ്ങി എല്ലാം ഒറ്റക്ക് ചെയ്യേണ്ട അവസ്ഥ. പ്രോംപ്റ്റിങ് പോലും ചെയ്യാൻ പറ്റാത്തതുകൊണ്ട് അഭിനയിക്കുന്നവർ തന്നെ സ്ക്രിപ്റ്റ് വായിച്ച് മനഃപാഠമാക്കി ചെയ്യുകയായിരുന്നു. ഇന്ത്യൻ കടയിലെ ചിത്രീകരണ സമയത്ത് ഷോപ്പിനകത്ത് പരമാവധി പത്ത് പേർ എന്ന ലോക് ഡൗൺ പരിമിതിയുള്ളത് കൊണ്ട് കടയിൽ കസ്റ്റമേഴ്സ് വരുന്ന സമയത്ത് ചിത്രീകരണം നിർത്തി എല്ലാവരും പുറത്തു പോയി നിൽക്കേണ്ടി വന്നിട്ടുണ്ട്. അതിന്റേതായ ചില അപാകതകൾ ഷോർട്ട് ഫിലിമിൽ ഉണ്ടെന്നു പറയേണ്ടിവരും. എല്ലാവരും ഒരുപാട് കഷ്ടപ്പെട്ടതു കൊണ്ടാണ് ചിത്രീകരണം പൂർത്തിയായത്.

***ഒരു ഷോർട്ട് ഫിലിമാണെങ്കിൽ ത്തന്നെയും ഇവിടെ അഡ്ലെയിഡിലുള്ള, അഭിനയത്തിൽ ഒരു പരിചയവുമില്ലാത്ത ഒരുപാട് മലയാളികളെ ഇതിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. ഇതിന്റെ കാസ്റ്റിങ് അനുഭവം എങ്ങനെയായിരുന്നു?***

മലപ്പുറം ജില്ലയിലെ വിളയിൽ എന്ന സ്വന്തം ഗ്രാമത്തിലെ കാഴ്ചകൾ എന്നിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒരായിരം സിനിമകൾക്കു വേണ്ട കഥയും കഥാപാത്രങ്ങളും മാനറിസങ്ങളും ആ നാട്ടിലുണ്ട്. കാസ്റ്റിംഗിൽ അത്തരം നിരീക്ഷണങ്ങൾ ഏറെ സ്വാധീനിച്ചിട്ടുണ്ട്. സാഹചര്യത്തിനനുസരിച്ച് മാറുന്ന മനുഷ്യന്റെ രണ്ടവസ്ഥകൾ ഈ ഫിലിമിലെ പല കഥാപാത്രങ്ങളിലും കാണാവുന്നതാണ്. ജീവിതത്തിലും മനുഷ്യന്റെ അവസ്ഥ ഇതാണ്. 'ശരി' യിലെ കഥാപാത്രങ്ങൾക്ക് അനുയോജ്യരായവരെ നമുക്കിടയിൽ നിന്നും കണ്ടെത്തുകയായിരുന്നു. നമ്മുടെ തൊട്ടടുത്ത സുഹൃദ് വലയത്തിനപ്പുറത്തുനിന്നും ഒരു പാടുപേർ ഇതിന്റെ ഭാഗമാകണമെന്ന് നേരത്തേ കരുതിയിരുന്നു. അങ്ങനെ അഡ്ലെയ്ഡിലെ എല്ലാ മലയാളികളിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്തുകയായിരുന്നു. അവരോരുത്തരും സ്വയം മെച്ചപ്പെടുത്തി നല്ല രീതിയിൽ ഡബ്ബ് ചെയ്ത് മികച്ച പ്രകടനം കാഴ്ച വെച്ചു. ഗാനങ്ങൾക്ക് സംഗീതം ചെയ്യുന്നതു പോലെയുള്ള അനുഭവമല്ല പശ്ചാത്തല സംഗീതം ചെയ്യുമ്പോഴുള്ളത്. സംഗീത സംവിധായകനായ മനോജ് ബേബി ആക്കാര്യം തന്മയത്തത്തോടെ കൈകാര്യം ചെയ്തു. അഡ്ലെയ്ഡിലെ യുവ ഗായിക ക്രിസ്റ്റീൻ, മനോജ് ബേബി എന്നിവർ ചേർന്നാണ് ഹമ്മിംഗ് ചെയ്തിരിക്കുന്നത്.

***കേരളത്തിലുള്ളവർക്ക്, പ്രത്യേകിച്ച് ഓസ്ട്രേലിയ പോലുള്ള വികസിത രാജ്യങ്ങളിൽ താമസിക്കുന്ന പ്രവാസികളെല്ലാം വളരെ ഉയർന്ന ജീവിത നിലവാരം പുലർത്തുന്നവരാണ് എന്ന ചില മുൻവിധികളുണ്ട്. എന്നാൽ ഈ സിനിമയിലെ മുഖ്യ കഥാപാത്രം ജീവിതം കെട്ടിപ്പടുക്കാൻ ഒരുപാട് വിഷമിക്കുന്നുണ്ട്. അത് മലയാളികളുടെ അത്തരം കാഴ്ചപ്പാടുകളെ മാറ്റാൻ സഹായിക്കുമോ?***

അത്തരമൊരവസ്ഥ നാട്ടിലുള്ളവരെ കാണിക്കുവാൻ വേണ്ടിയല്ല ഈ പ്രമേയം തിരഞ്ഞെടുത്തത്. നമ്മൾ ഓസ്ട്രേലിയ പോലുള്ള വികസിത രാജ്യത്ത് ചേക്കേറി വരുന്ന സമയത്ത് തുടക്കത്തിൽ ചുറ്റുമുള്ളതെല്ലാം നല്ല തുറന്ന കണ്ണുകളോടെ കാണുകയും എന്നാൽ പിന്നീടങ്ങോട്ട് എല്ലാക്കാര്യങ്ങളിലും അൽപ്പം യാന്ത്രികമായിപ്പോകുകയും ചെയ്യും. പിന്നീട് നമ്മുടെ കാഴ്ച കുറയുകയും ചുറ്റുമുള്ള പലതും കാണാതാവുകയും ചെയ്യുന്നു. അങ്ങനെ നമുക്ക് ചുറ്റും കാണാതെ പോകുന്ന ചില ചെറിയ കാര്യങ്ങളാണ് ഇതിൽ ഹൈലൈറ്റ് ചെയ്യാൻ ശ്രമിച്ചത്. ലോകത്തിൽ എവിടെ താമസിച്ചാലും മനുഷ്യന്റെ അവസ്ഥ ഏകദേശം ഒരുപോലെ തന്നെയാണ്. ജനിച്ചു പോയാൽ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഉണ്ടാകും. അതു

തരണം ചെയ്യുന്ന പലരുടേയും രീതികൾക്കാണ് വ്യത്യാസം. ഇവിടെയുള്ള എല്ലാവരുടേയും ജീവിത നിലവാരം ഉയർന്നതാണെങ്കിലും ചില കഷ്ടപ്പാടുകൾ ഇവിടെയുമുണ്ട്, ഇതിലെ നായക കഥാപാത്രം കുറേക്കാലമായി ഓസ്ട്രേലിയയിലുള്ള ഒരാളാണ്. സ്വന്തമായി ഒരു ഇന്ത്യൻ ഗ്രോസറി ഷോപ്പ് നടത്തുന്ന വ്യക്തി. ബിസിനസ്സ് ശരിയാംവണ്ണം നടത്താൻ അറിയാത്ത, സത്യസന്ധനായ, കപടതയില്ലാത്ത അയാൾക്ക് ജീവിത പ്രശ്നങ്ങളും കടബാധ്യതയുമൊക്കെയുണ്ട്. എല്ലായിടത്തും ഇത്തരക്കാർ ഉണ്ടാകും.

***ഈ ഷോർട്ട് ഫിലിമിന്റെ പേര് 'ശരി' എന്നാണ്. എങ്ങനെയാണ് ഈ പേരിലേക്കെത്തിയത്?***

'ശരി' എന്ന പേരിൽ നാലുവർഷം മുമ്പ് പ്രവാസി മാഗസിനിൽത്തന്നെ ഞാനൊരു കവിത എഴുതിയിരുന്നു. നമ്മൾ നിരന്തരം ഉപയോഗിക്കുന്ന, ഏറെ പ്രത്യേകതകളുള്ള ഒരു വാക്കാണ് ശരി. ഓർമ്മയില്ലേ, ഇടതുപക്ഷത്തിരുന്ന് സഖാവ് നയനാർ ഏറ്റവുമധികം പറഞ്ഞിട്ടുള്ള വാക്കാണ് 'റൈറ്റ്'. നാമെപ്പോഴും പറയാറുള്ളത് അവൻ ശരിയല്ല, ഇവൻ ശരിയല്ല, കാലം ശരിയല്ല, സാഹചര്യം ശരിയല്ല എന്നൊക്കെയല്ലേ? ആദ്യം നമ്മൾ ശരിയാകുകയാണെങ്കിൽ ബാക്കിയല്ലാം താനെ ശരിയായിക്കോളും എന്നതാണ് സിനിമയിലൂടെയും പറയാൻ ശ്രമിച്ചത്. എല്ലാം ശരിയാകുമെന്ന പ്രതീക്ഷയിലാണ് ജീവിതത്തിന്റെ സൗന്ദര്യമത്രയും.

> "വിവിധ സാഹചര്യങ്ങളിൽപ്പെട്ട് അറിയാതെ തന്നെ നമ്മുടെ അവസ്ഥയ്ക്ക് പെട്ടെന്ന് മാറ്റങ്ങൾ ഉണ്ടാകുമ്പോൾ എങ്ങനെയാണ് മറ്റുള്ളവരുടെ സ്നേഹം നമ്മൾ തിരിച്ചറിയുന്നതെന്നും നമ്മളോടുള്ള മറ്റുള്ളവരുടെ സമീപനം എങ്ങനെയാണ് മാറുന്നത് എന്നതിനെക്കുറിച്ചുമാണ് 'ശരി' എന്ന സിനിമ പറയാൻ ശ്രമിക്കുന്നത്."

***അനീഷ് ഒരുപാട് നാടകങ്ങൾ ചെയ്തിട്ടുണ്ട്, സ്റ്റേജ് ഷോ ഡയറക്റ്റ് ചെയ്തിട്ടുണ്ട്, പിന്നെ കേരളത്തിലെ പ്രശസ്ത പിന്നണി ഗായകനായ ജി. വേണുഗോപാലുമൊത്ത് ഒരു മ്യൂസിക് ആൽബം പുറത്തിറക്കിയിരുന്നു. എങ്ങനെയാണ് ഈ കലാ മേഖലയിലേക്ക് അനീഷ് എത്തപ്പെട്ടത്?***

ഏതൊരു ശരാശരി മലയാളിയെയും പോലെ ജോലിക്കാരായ അച്ഛനും അമ്മയും എന്നെയും സ്വപ്നം കാണാൻ പഠിപ്പിച്ചത് ഒരു സർക്കാർ ജോലിയായിരുന്നു. എന്നാൽ, അവരെന്നെപ്പറ്റി എന്തൊക്കെ സങ്കൽപ്പിച്ചോ ഭാവിയിൽ ഞാനതൊന്നുമായില്ല എന്നതാണ് സത്യം. എന്റേത് ഒരു കലാകുടുംബമായിരുന്നില്ല. എന്നു മാത്രമല്ല ഞാൻ കലയിൽ ആകൃഷ്ടനായാൽ നല്ല ഭാവി ജീവിതം ഉണ്ടാകില്ല എന്ന തോന്നലും അവർക്കുണ്ടായിരുന്നെന്നു തോന്നുന്നു. കലാ മേഖലയിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്ന എന്റെ പല കൂട്ടുകാരും ജീവിതത്തിൽ കഷ്ടപ്പെടുന്നത് കാണുമ്പോൾ മാതാപിതാക്കളുടെ ചിന്താഗതി ശരിയായിരുന്നു എന്ന് പലപ്പോഴും തോന്നാറുണ്ട്. ഭാഗ്യവശാൽ ചെറുപ്പകാലം, അക്ഷരങ്ങളുടെ നഗരിയായ കോട്ടയത്തായിരുന്നു. അവിടെ കലാസാഹിത്യ മേഖലകളിൽ താൽപര്യമുള്ള കുറച്ച് കൂട്ടുകാരെ കിട്ടി. ഞങ്ങളിൽ നാൽവർ സംഘം സ്ഥിരമായി ലൈബ്രറികൾ കയറിയിറങ്ങി, വൈകുന്നേരങ്ങളിൽ സാഹിത്യ ചർച്ചകൾ നടത്തി. അങ്ങനെയൊരുനാൾ ഏഴാം ക്ലാസിൽ പഠിക്കുന്ന ഞങ്ങൾ ഒരു കൈയെഴുത്തു മാസിക തുടങ്ങാൻ തീരുമാനിച്ചു. 'സിന്ദൂരം' എന്ന പേരിൽ തുടങ്ങിയ ആ മാസിക രണ്ടു വർഷങ്ങൾക്കു ശേഷം പ്രിന്റ് ചെയ്ത് ഇൻലന്റ് മാസികയാക്കുകയും മൂന്നു വർഷങ്ങൾ പിന്നിട്ടപ്പോൾ മാസികയായി മാറുകയും ചെയ്തു. 11 വർഷത്തോളം ഞാനതിന്റെ ചീഫ് എഡിറ്ററായിരുന്നു. മാസികയിൽ മാറ്ററുകൾ തികയാതിരിക്കുമ്പോൾ ഞങ്ങളോരോരുത്തരും തൂലികാ നാമങ്ങളിൽ കവിതകളെഴുതി പേജു തികച്ചു പോന്നു. മാസിക തുടങ്ങിയ കാലത്തു തന്നെ അതേ സുഹൃത്തുക്കളുമായി ചെറിയ നാടകങ്ങളും ചെയ്തു തുടങ്ങി. കേരളോത്സവ വേദികളിൽ കുട്ടികളായ ഞങ്ങൾ, നാട്ടിലെ വല്യേട്ടന്മാരുടെ പ്രൊഫഷണൽ നാടകങ്ങളോടേറ്റുമുട്ടി നിരന്തരം പരാജയപ്പെട്ട് തോൽവികളോടുള്ള അറപ്പു തീർന്നു. വർഷങ്ങൾക്കു ശേഷം വീണ്ടും മലബാറിലേക്കുള്ള മടക്കം.

KSEB യിൽ ജോലി ചെയ്തിരുന്ന കാലത്ത് സ്ഥലം മാറ്റമായി വന്ന AE യും സംഗീത സംവിധായകനുമായ ബി. അജയകുമാർ സാറിനോടു ചേർന്ന് പാട്ടിന്റെ ലോകമായിരുന്നു പിന്നീട്. KSEB യുടെ ക്വാർട്ടേഴ്സിലിരുന്ന് അദ്ദേഹം ഈണമിടുന്ന പാട്ടുകൾക്ക് വരികളെഴുതി നേരം പുലരും വരെയിരിക്കുന്ന ദിവസങ്ങൾ. (ഇലക്ട്രിസിറ്റി ബോർഡിനെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ച അജയകുമാർ സാർ മാസങ്ങൾക്കു മുമ്പ് അന്തരിച്ചു). അജയകുമാർ സാർ തിരുവനന്തപുരത്തേക്ക് മടങ്ങിയപ്പോൾ കുറച്ചു കാലം മൂകതയായിരുന്നു. പിന്നീട്, ഗാനരചയിതാവായ ഗിരീഷ് പുത്തഞ്ചേരിയുടെ ബന്ധുകൂടിയായ സംഗീത സംവിധായകനും വയലിനിസ്റ്റുമായ നിതീഷ് ഭാസ്കറിനോടു ചേർന്ന് പാട്ടുകളും ആൽബങ്ങളും ചെയ്തു. സംഗീത സംവിധായകനും ഗായകനുമായ സജിത് ശങ്കറുമായുള്ള കൂട്ടുകെട്ടിലൂടെയും ഒരുപാട് ആൽബങ്ങൾക്കു വേണ്ടി പാട്ടുകളുണ്ടാക്കി. മലബാറിലെ ഒട്ടുമിക്ക വ്യാപാര സ്ഥാപനങ്ങളുടേയും പരസ്യ ചിത്രങ്ങൾക്കുള്ള പാട്ടുകൾ തയാറാക്കി. സ്റ്റുഡിയോകളും ഗായകരുമായുള്ള സഹവാസം ശരിക്കുമൊരു ഉന്മാദാവസ്ഥയായിരുന്നു. ആയിടക്ക് സജിത്തിനോടൊത്ത് ചെയ്ത ആൽബത്തിലെ പാട്ടുകളാണ് ജി. വേണുഗോപാൽ എന്ന ആർദ്രഗായകനുമായി ചേർന്ന് വീഡിയോ രൂപത്തിൽ ഇപ്പോൾ പുറത്തിറക്കിയത്.

> "സാഹചര്യത്തിനനുസരിച്ച് മാറുന്ന മനുഷ്യന്റെ രണ്ടവസ്ഥകൾ ഈ ഫിലിമിലെ പല കഥാപാത്രങ്ങളിലും കാണാവുന്നതാണ്. ജീവിതത്തിലും മനുഷ്യന്റെ അവസ്ഥ ഇതാണ്. 'ശരി' യിലെ കഥാപാത്രങ്ങൾക്ക് അനുയോജ്യരായവരെ നമുക്കിടയിൽ നിന്നും കണ്ടെത്തുകയായിരുന്നു."

***എന്താണ് ഇനി ഭാവി പരിപാടികൾ?***

പാട്ടുകളുടെ ലോകത്തിൽ നിന്ന് അപ്രതീക്ഷിതമായി അഡ്‌ലെയിഡിലേക്കു ചേക്കേറിയപ്പോൾ തികച്ചും ഏകാന്തതയായിരുന്നു. ഇവിടെയുള്ള സംഘടനകളും ആളുകളുമൊന്നുമായി ബന്ധപ്പെടാതെ സ്വയം തീർത്ത തുരുത്തിൽ ഒന്നര വർഷം നീണ്ട ഏകാന്തവാസം. ആയിടക്ക് അന്നത്തെ അയൽവാസിയായിരുന്ന സണ്ണിച്ചേട്ടൻ ഏറെ നിർബന്ധിച്ച് എക്യുമെനിക്കൽ പ്രെയർ ഗ്രൂപ്പിനു വേണ്ടി ഒരു സ്കിറ്റ് ചെയ്യിച്ചതോടെ വീണ്ടും ട്രാക്കിലേക്കു തിരികെക്കയറി. നമ്മുടെ ലോകം തീർക്കുന്നത് നമ്മൾ തന്നെയാണെന്ന തിരിച്ചറിവുണ്ടായത് അന്നാണ്. നഷ്ടപ്പെട്ട പാട്ടിന്റെ ലോകത്തെക്കുറിച്ച് ദുഃഖിച്ചിരിക്കാതെ സ്കിറ്റുകളുടെയും വീഡിയോ ആൽബങ്ങളുടെയും ഷോർട്ട് ഫിലിമുകളുടെയും പുറകേ നീങ്ങി. സമാന ചിന്താഗതിക്കാരനായ അജു ജോണുമായുള്ള കൂട്ടുകെട്ട് ഏറെ ഗുണപ്പെട്ടു. മറ്റൊരു കാര്യം പറയാതെ വയ്യ, പാട്ടിലും കവിതയിലും ചിത്രരചനയിലുമൊക്കെ അവനവന് ആത്മസുഖം അനുഭവിക്കാൻ പറ്റുമെങ്കിലും ഇത്തരം ഷോർട്ട് ഫിലിമുകളിലൂടെയും സിനിമകളിലൂടെയും നമുക്കു ചുറ്റുമുള്ള കൂട്ടായ്മയിലൂടെ നിരവധി അഭിനേതാക്കൾക്കും മറ്റുള്ളവർക്കുമൊപ്പം അതേ നിർവൃതി പങ്കിട്ടനുഭവിക്കാൻ കഴിയുന്നുവെന്നതാണ് ഈ യാത്രയുടെ സന്തോഷം. ഒരു മുഴുനീള സിനിമ ചെയ്യണമെന്ന ആഗ്രഹത്തോടെ അതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. അധികം വൈകാതെ തന്നെ ഷൂട്ടിങ് തുടങ്ങണമെന്നാണ് ആഗ്രഹം.

***ഭാവിയിലെ എല്ലാ സംരംഭങ്ങൾക്കും പ്രവാസിയുടെ എല്ലാവിധ ആശംസകളും.***




ഞങ്ങളുടെ ഈ ചെറിയ സിനിമ കണ്ടവർക്കും വിമർശിച്ചവർക്കും കലാസൃഷ്ടികളെ പ്രോത്സാഹിപ്പിക്കുക എന്ന സന്മനസ്സോടെ ഈ അഭിമുഖം തയ്യാറാക്കാനൊരുങ്ങിയ പ്രവാസിക്കും ഹൃദയം നിറഞ്ഞ നന്ദി.

അരുൺ പുതിയാട്ടു നിർമിച്ച് മനോജ് ബേബി ബാക്ക് ഗ്രൗണ്ട് സംഗീതം നൽകിയ 'ശരി' എന്ന ഷോർട്ട് ഫിലിം ഇപ്പോൾ യൂറ്റ്യൂബിൽ ലഭ്യമാണ്. കാണാൻ ഈ ലിങ്ക് ക്ലിക്ക് ചെയ്യുക.

**https://youtu.be/fywTf8uAdb4**

# പാപത്തിന്റെ പട്ടിക



അനീഷ് ചാക്കോ

പാലത്താനത്തച്ചൻ കുടുംബ പ്രാർത്ഥനക്ക് ശേഷം ഭക്ഷണവും കഴിച്ച് തെയ്യാമ്മ ചേടത്തിയുടെ വീട്ടിൽ കൂടി നിന്നവരോടെല്ലാം യാത്രയും പറഞ്ഞു പള്ളിമേടയിലേക്ക് പോകാനായി ബൈക്കിനരികിലേക്ക് നടന്നു.

തന്റെ കണ്ണാടിക്കായി ളോഹയുടെ കീശയിൽ പരതിയപ്പോളാണ് അതുമായി ചേടത്തിയുടെ രണ്ടാമത്തെ മകൻ റെജി വീടിനുള്ളിൽ നിന്നും അച്ചന്റെ അടുക്കലേക്ക് ഓടിവന്നത്.

'ഞാനത് മുഖം കഴുകാൻ ഊരി വച്ചതാ... മറന്നു...!

നീ മിടുക്കനാടാ റെജി.'

'പിന്നെ... നാളെ നീ കുട്ടികളുടെ ധ്യാനത്തിന് നേരത്തെ വന്നേക്കണം... ബെഞ്ചും ഡെസ്കുമൊക്കെ പിടിച്ചിടാനുള്ളതാ'.

അച്ചൻ അവന്റെ തോളിൽ തട്ടികൊണ്ട് പറഞ്ഞു.

അവൻ തലയാട്ടി.

ളോഹയുടെ നീളൻ കൈ കൊണ്ട് കണ്ണാടി തുടച്ചു ചേടത്തിയോടായി ചോദിച്ചു 'മൂത്തവൻ ബെന്നി ഇച്ചിരെ ഒഴപ്പാണെന്നു കേട്ടല്ലോ...?

അവനെ പ്രാർഥനയ്ക്കും കണ്ടില്ല...?'

'എന്റെ അച്ചോ അവൻ പത്താം ക്ലാസ് തോറ്റേ പിന്നെ, കൂട്ടുകാരുടെ കൂടെ ആറ്റിലും ചാടി പന്തു കളിയുമായിട്ടങ്ങു നടപ്പാ... കൊറേ അലമ്പ് കൂട്ടുകാരുണ്ടവന്.

"അവനോട് ഞാനൊരു നൂറു തവണ പറഞ്ഞതാ...

എയർ ഫോഴ്സിൽ പോടാ...

എയർ ഫോഴ്സിൽ പോടാന്ന് ..!

എത്ര പറഞ്ഞാലും അവൻ കേക്കത്തില്ല."

'അതെ സമയം അപ്പുറത്തെ മേരിച്ചേടത്തീടെ രണ്ടു മക്കള് എയർ ഫോഴ്സിലാ.

ബെന്നീടെ പ്രായമേ ഒള്ളൂ അവർക്കും.

പറയാനല്ലേ പറ്റൂ...!

എനിക്കിനി എന്റെ റെജിമോനിലാ പ്രതീക്ഷ. അവൻ പഠിക്കാൻ മിടുക്കനാ, മലയാളത്തിനൊക്കെ നല്ല മാർക്കാ..'

ചേട്ടത്തി നെടുവീർപ്പിട്ടു.

അച്ചൻ കണ്ണാടി മുഖത്തു വച്ചുകൊണ്ട് പറഞ്ഞു...

'ചേടത്തി...'

'ചേടത്തി, ഇങ്ങനെ മീൻ കറി വച്ചാൽ എല്ലാ മാസവും പ്രാർത്ഥനായോഗം ഇവിടെ തന്നെ ചേരേണ്ടി വരും'. അതിന്റെ മണം മതി ഒരു പാത്രം ചോറുണ്ണാൻ.

കണക്കിന് എരിവും പുളിയും... സാധാരണ പുളിയൊക്കെ കഷണത്തേൽ ഒന്ന് പിടിക്കണമെങ്കിൽ രണ്ടു ദിവസമെങ്കിലുമെടുക്കും..

ചേടത്തീടെ കപ്പയും മീൻ കറിയും...

'ഹോ... അതിനൊരു പ്രത്യേക സ്വാദാ'.

'അച്ചോ ഞാനീ മീൻ കറി രണ്ടു ദിവസം മുന്നേ വച്ചതാ...

"അനിയത്തിയോട് പ്രത്യേകം പറഞ്ഞ്, അവൾടെ കെട്ടിയോൻ കാവാലത്തൂന്നു ബസിൽ കൊടുത്തു വിട്ട 'കാരി' മീനാ."

'അതൊക്കെ ഒന്ന് പിടിക്കാനായി അച്ചന് വേണ്ടി പ്രത്യേകം മാറ്റി വച്ചിരുന്നതാ.'

'ഇവിടുള്ളോരെല്ലാം ഉണ്ടാക്കിയ അന്നുതന്നെ ആവശ്യത്തിന് കഴിച്ചേച്ചും ഏമ്പക്കവും വിട്ടോണ്ട് നടക്കുവാ. കപ്പ പിന്നെ നമ്മുടെ പറമ്പിലുണ്ടല്ലോ'.

ചേടത്തി സന്തോഷത്തോടെ മറുപടി പറഞ്ഞു.

'പിന്നെ... പള്ളീന്ന് ഒരു കക്കൂസ് വച്ച് തരുമ്പോൾ... എന്നെക്കൊണ്ട് ആവുന്നത് ഞാനും ചെയ്യണ്ടേ..!

ഒത്തിരി നാളത്തെ ആഗ്രഹമായിരുന്നച്ചോ...

അതേതായാലും അച്ചൻ കാരണം സാധിച്ചു.

അച്ചനെക്കൊണ്ട് തന്നെ കക്കൂസ് ഉദ്ഘാടനം ചെയ്യിക്കണോന്നാരുന്നു എന്റെ ആഗ്രഹം...



പിന്നെ...! സിസ്റ്റർമാരാ പറഞ്ഞത് അതൊരു സുഖമില്ലാത്ത ഏർപ്പാടാ... പ്രാർത്ഥന കൂട്ടായ്മ വച്ചാ മതിയെന്ന്."

ചേടത്തിയുടെ സംസാരത്തിൽ കടപ്പാടിന്റെ അംശം മുഴച്ചു നിന്നു.

'കാര്യമൊക്കെ ശരിയാ..

കക്കൂസൊക്കെ പള്ളീന്ന് വച്ച് തന്നതായിരിക്കും, പക്ഷെ ഒരു കാര്യം ശ്രദ്ധിക്കണം...

മലമ്പ്രദേശമാണ് വെള്ളത്തിന് ക്ഷാമം ഉണ്ടാവും...

കക്കൂസിൽ വച്ചിരിക്കുന്ന ആ മിനുസമുള്ള ഫ്ളഷ് ടാങ്കിൽ നിന്നും, ഒറ്റ ഞെക്കിന് പത്തും പതിനഞ്ചും ലിറ്റർ വെള്ളമാ ഒഴുകി അങ്ങ് പോകുന്നത്, അതുകൊണ്ട് ധാരാളിത്തം കാണിക്കരുത്.

"അച്ചൻ പറഞ്ഞത് ശരിയാണച്ചോ...!"

"എന്നോട് സിസ്റ്റർമാരും പറഞ്ഞു...!

അതുകൊണ്ട് ഞാൻ പിള്ളേരോട് പ്രത്യേകം പറഞ്ഞിട്ടുണ്ട് അതേൽ തൊട്ടു പോകരുതെന്ന്."

"പിന്നെ..."

"ഞാൻ രാത്രിൽ കിടക്കാൻ പോകുന്നതിനു മുൻപ് അതിലൊന്ന് ഞെക്കും അത്രേ ഒള്ളൂ".

ചേടത്തി മറുപടി പറഞ്ഞു."

'അത് നിങ്ങളെന്തേലും ചെയ്യ്...!

പിന്നെ കക്കൂസീന്ന് ആ മാതാവിന്റെ പടം അങ്ങ് മാറ്റിയേരെ...

അതവിടെ വെക്കുന്നത് ഒരു ശോഭകേടാ.

അതും പറഞ്ഞ് അച്ചൻ ബൈക്ക് സ്റ്റാർട്ടാക്കി ഇരുളിൽ മറഞ്ഞു."

പിറ്റേന്ന്...

ബ്രദർ ഗുണ്ടർട്ട് കുഞ്ഞുമോൻ നയിക്കുന്ന കുട്ടികളുടെ ധ്യാനത്തിൽ, അദ്ദേഹം പാപത്തെക്കുറിച്ചും നരകത്തെക്കുറിച്ചും തെറ്റുകുറ്റങ്ങളെക്കുറിച്ചും വാചാലനായി.

അതുവരെ ഓടിനടന്ന് സ്കൂളും പരിസരവും വൃത്തിയാക്കി, ഡെസ്കും ബെഞ്ചും പിടിച്ചിട്ടു, പൂമ്പാറ്റകളെ പിണക്കി പൂക്കൾ കൊണ്ട് സ്റ്റേജും അലങ്കരിച്ചു, മുന്നിൽ വന്ന് ദൈവത്തെകുറിച്ച് കേൾക്കാനും അറിയാനുമായി കാതും കണ്ണും കൂർപ്പിച്ചിരുന്ന പ്രൈമറി സ്കൂൾ കുട്ടികളോടായി ബ്രദർ കുഞ്ഞുമോൻ ചോദിച്ചു..!

നിങ്ങളിലെത്രപേർക്ക് 'കുപ്പർട്ടിനോസി'നെക്കുറിച്ചറിയാം ..?

അറിയാവുന്നവർ കയ്യുയർത്തുക.!

ആരും കൈ പൊക്കിയില്ല.

ബ്രദർ വീണ്ടും ചോദിച്ചു...

നിങ്ങളിലെത്രപേർക്ക് 'മായാവിയെ' അറിയാം ..?

കുട്ടികളെല്ലാം കൈ ഉയർത്തി.

"നിങ്ങളിലെത്രപേർക്കു 'ലുട്ടാപ്പി'യെ അറിയാം..?"

കുട്ടികളെല്ലാം കൈ ഉയർത്തി.

പുട്ടാലു ..?

ഡിങ്കൻ ..?....

കുഞ്ഞുങ്ങളുടെയെല്ലാം കൈ ഉയർന്നു തന്നെ നിന്നു.

ബ്രദർ ഗുണ്ടർട്ട് കുഞ്ഞുമോന്റെ ശബ്ദം കനത്തു.

അദ്ദേഹം തുടർന്നു...

"കുട്ടികളെ..!"

"നിങ്ങൾക്ക് ഇറ്റലിക്കാരനായ 'വിശുദ്ധ ജോസഫ് കുപ്പർട്ടീനോസി'നെ കുറിച്ചറിയില്ല..?

എന്നാൽ നിങ്ങൾക്കെല്ലാം 'കുട്ടൂസനെയും, മായാവിയെയും, ഡിങ്കനെയുമൊക്കെ നന്നായറിയാം..!"

"കുട്ടികളെ..!"

"നിങ്ങൾ പാപത്തിലേക്കാണ് സഞ്ചരിക്കുന്നത്, തിന്മയാണ് ചെയ്തുകൂട്ടുന്നത്.

മായാവിയും, ഡിങ്കനുമൊക്കെ, പിശാചിന്റെ പ്രതിരൂപങ്ങളാണ്.

സാത്താന്റെ ശക്തിയാണ് അവയെ നിങ്ങളുടെ ഇടയിലേക്ക് എത്തിക്കുന്നത്.

'ഒന്നാം പ്രമാണത്തിനെതിരായി നിങ്ങൾ പാപം ചെയ്തു കഴിഞ്ഞു. നിങ്ങൾ പറഞ്ഞു കുമ്പസാരിച്ചു പാപമോചനം നേടേണ്ടിയിരിക്കുന്നു.'

കുഞ്ഞുമോൻ തുടർന്നു... എല്ലാ പ്രമാണങ്ങളും ഇഴകീറി കുട്ടികളോട്

വിശദികരിച്ചു. പാപങ്ങളുടെ ഭണ്ഡാരമഴിച്ചു.

ദൈവം പോലും കുഞ്ഞുമോനോട് ചോദിച്ചിട്ടാണ് പ്രമാണങ്ങൾ ചിട്ടപ്പെടുത്തിയതെന്ന് തോന്നിപ്പിക്കും വിധത്തിൽ അദ്ദേഹം കുട്ടികളെ കുമ്പസാരത്തിനായി 'ഒരുക്കി'.

കുട്ടൂസനും കൂട്ടരും കൊടുത്ത കുറ്റബോധവും പേറി കുട്ടികൾ കുമ്പസാരത്തിനായി വരി വരിയായി മുട്ടിന്മേൽ നിന്നു.

ഡിങ്കനും മായാവിയും വായിച്ചവർ കുറ്റബോധം കൊണ്ട് തല കുനിച്ചു.

തെയ്യാമ്മച്ചേടത്തിയുടെ രണ്ടാമത്തെ മകൻ റെജിയുടെ ഊഴമെത്തി.

അച്ചൻ ആശീർവദിച്ചു പാപങ്ങൾ ഏറ്റുപറയുവാൻ റെജിക്ക് അനുവാദം കൊടുത്തു.

വായിച്ചു കൂട്ടിയ പൈശാചിക കഥകളെക്കുറിച്ചവൻ എണ്ണിയെണ്ണി പറഞ്ഞു.

റജി പാപങ്ങൾ ഏറ്റു പറയുന്നതിനിടയിൽ ഒരു കാര്യം ശ്രദ്ധിച്ചു...

പാലത്തനത്തച്ചന്റെ വായ് നന്നായി നാറുന്നുണ്ട്.

അവൻ ആ വിവരം അച്ചനോട് കുമ്പസാരത്തിനിടയിൽ തുറന്നു പറഞ്ഞു.

അച്ചന് അവനോട് മതിപ്പു തോന്നി.

അവന്റെ കുമ്പസാരം കഴിയുമ്പോൾ ഒരു ഗ്ലാസ് വെള്ളം പള്ളി മുറിയിൽ നിന്നും കൊണ്ടുവരണമെന്ന് അച്ചൻ റെജിയോട് ശട്ടം കെട്ടി.

അച്ചൻ പറഞ്ഞു 'കുറെ നേരമായി ഒന്നും കഴിക്കാതെയും കുടിക്കാതെയും കുമ്പസാരിപ്പിക്കൽ തന്നെയല്ലേ... അതുകൊണ്ടാവും.'

എന്തോ പറയാൻ വെമ്പി നിൽക്കുന്ന റെജിയോട് അച്ചൻ പറഞ്ഞു, 'മോനെ റെജി... ദൈവത്തിനു ക്ഷമിക്കാനാവാത്ത ഒരു പാപവും ഈ ഭൂമിയിലില്ല എന്താണെങ്കിലും നിനക്ക് അച്ചനോട് കുമ്പസാരത്തിൽ തുറന്നു പറയാം'.



"പറയൂ ..എന്താണ് കാര്യം...?'

റെജി ഏറ്റുപറഞ്ഞു...!

'തന്റെ ശ്രദ്ധക്കുറവുമൂലം... വീട്ടിലെ കക്കൂസിന്റെ പിന്നിൽ സ്ഥിതി ചെയ്യുന്ന മിനുസമുള്ള ജലസംഭരണി പ്രവർത്തിപ്പിച്ചപ്പോൾ, അതിനു മുകളിലിരുന്ന ഒരു വസ്തു ഘർഷണ രഹിത പ്രതലത്തിൽ പിടിച്ചു നില്ക്കാൻ ക്ളേശിച്ച് ഗുരുത്വാകർഷണ ബലത്തിന് വിധേയമായി താഴെ ക്ലോസെറ്റിൽ പതിക്കുകയുണ്ടായി. അവിടെ നിന്ന് ഞാൻ വളരെ ശ്രദ്ധയോടെ അതെടുത്തു ഒരു പോറലു പോലും പറ്റാതെ യഥാസ്ഥാനത്ത് ഉത്തരവാദിത്തത്തോടെ എത്തിക്കുകയും ചെയ്തു.

അച്ചൻ തെല്ലൊരാശ്ചര്യത്തോടെ മറുപടി പറഞ്ഞു...!

"അങ്ങനെ ഒരു സാഹചര്യം, ഏതെങ്കിലും പ്രമാണത്തിന്റെ ലംഘനമായി എനിക്ക് തോന്നുന്നില്ല."

അച്ചന്റെ തൊണ്ട വരളാൻ തുടങ്ങിയതിനാൽ, അതൊന്നും പാപത്തിന്റെ പട്ടികയിൽ വരുന്ന കാര്യമല്ലെന്നും പറഞ്ഞു... ഏറ്റു പറഞ്ഞ പാപങ്ങൾക്ക് പരിഹാരവും നിർദ്ദേശിച്ച് അവനെ വെള്ളമെടുക്കാൻ വിട്ടു.

പള്ളിമുറിയിൽ പോയി വെള്ളമെടുത്തു അച്ചന് കൊടുക്കുമ്പോൾ ലേശം കൗതുകത്തോടെ അച്ചൻ ചോദിച്ചു...

"ആട്ടെ... എന്ത് വസ്തുവാണ് നീ തട്ടിമറിച്ച് കക്കൂസിൽ ഇട്ടത്..?"

റെജിമോൻ പറഞ്ഞു 'അച്ചാ അത് അച്ചന്റെ കണ്ണാടി ആയിരുന്നു.'

ഇന്നലെ പ്രാർത്ഥനക്ക് വീട്ടിൽ വന്നപ്പോൾ.....'

തന്റെ മുഖത്തിരുന്ന കണ്ണാടി ശ്രദ്ധയോടെ ഊരിമാറ്റുമ്പോൾ പാലത്താനത്തച്ചന്റെ കണ്ണുകളിൽ കാരി മീനുകളുടെ കനലാട്ടം കാണാമായിരുന്നു.

അച്ചൻ തന്റെ കണ്ണാടിയിൽ വളരെ സൂക്ഷിച്ചു നോക്കി, അതിൽ പലയിടങ്ങളിലായി അപ്പോഴും അഴുക്കുകൾ കാണാമായിരുന്നു. നേർത്ത ഒരു പാട പോലുള്ള ആവരണം പൊളിച്ചു കളഞ്ഞു. തന്റെ മേലങ്കി ഉപയോഗിച്ച് നന്നായി വൃത്തിയാക്കി.

വീണ്ടുമെടുത്ത് മുഖത്തു വച്ച് തലയുയർത്തി അൾത്താരയിലേക്കു നോക്കി.

ഒരു വശത്ത് കുന്തവും പിടിച്ച് കുട്ടൂസൻ....

മറുവശത്തു സാരിയുമുടുത്ത് സുന്ദരിയായി ഡാകിനി....

നടുവിൽ പറക്കാൻ തയ്യാറായി നിൽക്കുന്ന ഡിങ്കൻ....

അച്ചൻ ചിരിച്ചു...

പിന്നീട് കുമ്പസാരിക്കാൻ കാത്തു നിന്നിരുന്ന കുട്ടികളോടായി പറഞ്ഞു.

നിങ്ങൾ പൊക്കോളൂ ..

എല്ലാവരുടെയും പാപങ്ങൾ പൊറുത്തിരിക്കുന്നു.....



# Farhan Shah

## The Legend of Sufi Music





Divya Bejoy

Karthika Thannickan

**Farhan Shah, is an award winning Australian / Pakistani singer, composer, music producer and lyricist based in Adelaide. His versatile live sufi music concerts take the audience to the a state of ecstasy. He is also known as Australia's "Pakistani Pavarotti".**

**Could you please explain us about Sufism/ Sufi music? Is it related to any belief or religion?**

I am not a Sufi scholar to explain Sufism in detail, but I do perform Sufi music. The little I know about sufi music. Sufism arose from within Islam as an ascetic movement in the 9$^{th}$ century which portrayed the idea of simplicity and simple life. It is believed that the word 'Sufi' had its origins in the Arabic word 'suf,' which meant wool, referring to the garment worn by the original practitioners of this faith. So, these people came to be identified with wearing black woolen shawl. It was all about the inner calling for leading a down to earth life and Sufi belief stands for the direct connection between God and human beings. That is the foundation of almost all religion in this world, so in my opinion, Sufism is not demonstrating a concept of any specific religion.




**As you said Sufism was a movement in the 9th century, so how is this concept relevant in this century?**

I think its relevant because of its ancient wisdom of finding peace inside yourself. The Sufi movement in the 9th century got popular because of its idea against living an exuberant or lavish, wealth centric material life. Even people in this century are still rat racing after material success to experience the lavishness of life. Finding contentment solely in material success is at the expense of our mental wellbeing, nature's wellbeing, relationships, spiritual life and most important the core aspect of this life "Our soul's wellbeing". Here is the relevance of Sufism which conveys the importance of balance of life and aids people to achieve a peaceful existence and encourages philanthropy, giving and caring of mankind.

**Could you take us through your journey as a sufi singer?**

I have been practicing music since I was a teenager. I have worked with many great musicians over the years. Throughout my time in Pakistan, I have also worked on many jingles, advertisements and studios as a musician and as a composer. During my college days, I had developed a music band, which received lots of appreciation. Unfortunately, we were unable to continue as we all moved in different directions. After being part of various musical groups as well as studio productions for years, a true calling for my own music emerged within me in the year 2015. We were asked to create a sufi track for a feature film. We composed and recorded a demo and suggested names of popular Sufi maestro singers like Rahat Fateh Ali Khan and Javed Bashir for singing the composition. Unexpectedly, the movie team requested me to perform the song and it surged in popularity and became a claim to fame for both me and Shahid Rehman, my music partner. The song named' Ali Ali Manqabat' was very well received in Pakistan.



**How can Sufi music take you to an ecstasy and a state of oneness?**

Music has the power to stimulate strong emotions within us and to touch one's soul. Sufi Music is devotional music and is a bit different from other forms of music. The beauty of poetry and the hidden wisdom of words develop a vast and far-reaching influence on the audience. During the performance, Sufis use the constant rhythmic clapping and percussion instruments to create a divine energy which gets transferred to the audience.

As you see in Sufi 'Whirling Dervish's dance moment, they revolve holding one hand pointing upwards to god and the other hand pointing downwards towards the earth. It conveys the message that receiving the highest energy from the divine and transferring that to people. In Sufi music, the singer acts as a medium or vessel of receiving energy and transferring that to the people with the state of oneness and ecstasy.

**Your inspiration & mentors in the journey of music.**

Two of my greatest inspirations are A.R. Rahman and Pakistan's favourite Sufi singer, the late Ustad Nusrat Fateh Ali Khan. My music will always be the reflection of these two people and of course, of each musician whom I have encountered and taken as a part of my musical journey.